# കർത്താവിൽ രസിക്കുന്നവരാകുക

## സങ്കീർത്തനം 37:4

"യഹോവയിൽ തന്നേ രസിച്ചുകൊൾക."

നമ്മുടെ ജീവിതത്തിൽ നാം ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതുമായ കാര്യങ്ങൾ ധാരാളം ഉണ്ട്. നമ്മുടെ ഇഷ്ടങ്ങളുടെ പാരമ്യമായ അവസ്ഥയത്രേ രസിക്കുക എന്നത്. അതേസമയം നമ്മുടെ ഇഷ്ടക്കേടിന്റെ പാരമ്യമായ അവസ്ഥയത്രേ വെറുക്കുക എന്നത്. നാം ഏതിലാണോ രസിക്കുന്നത്, ആ രസം നമ്മുടെ ജീവിതത്തെ അധികമായി സ്വാധീനിക്കുകയും, ആ രസത്തിനു നാം കീഴ്പ്പെടുകയും ചെയ്യുന്നു. നാം ഏതിനെയാണോ വെറുക്കുന്നത്, അത് നമ്മുടെ ജീവിതത്തിൽ നിന്ന് അകന്നു മാറി തന്നെ നിൽക്കും.

ഒരു ദൈവപൈതൽ എന്ന നിലക്ക്, നാം ജീവിതത്തിൽ ഏതിനെയാണ് വെറുക്കേണ്ടത് എന്നും, ഏതിലാണ് രസിക്കേണ്ടത് എന്നും, തിരുവചനം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കുറിവാക്യത്തിൽ പറയുന്നു, യഹോവയിൽ തന്നേ രസിച്ചുകൊൾക എന്ന്. അപ്പോൾ നമ്മുടെ ഇഷ്ടം കർത്താവിനോടും അത് ആ ഇഷ്ടത്തിന്റെ പാരമ്യതയിൽ എത്തുന്നതും ആയിരിക്കേണം എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു വെറുപ്പുണ്ടാകേണമെങ്കിൽ ഒരു ഇഷ്ടമുണ്ടാകേണ്ടിയിരിക്കുന്നു. ആ ഇഷ്ടത്തിന്റെ തീവ്രതക്കനുസരിച്ചിരിക്കും വെറുപ്പ് നിലനിർത്തപ്പെടുന്നത്. വെറുപ്പിനെതിരായി നമ്മിൽ ഉണ്ടാകേണ്ടിയ ഇഷ്ടമത്രേ കർത്താവിനെ സ്നേഹിക്കുക എന്നത്. അങ്ങനെ നാം കർത്താവിനെ ഇഷ്ടപ്പെടേണം, അവനെ സ്നേഹിക്കേണം, തീർന്നില്ല അവനിൽ രസിക്കേണ്ടിയുമിരിക്കുന്നു. നാം കർത്താവിനെ ഇഷ്ടപ്പെടുന്നതും, അവനെ സ്നേഹിക്കുന്നതും സത്യമായ കാര്യമത്രേ. എന്നാൽ നമുക്ക് അവനിൽ രസിക്കുവാൻ കഴിയുന്നുണ്ടോ എന്ന കാര്യം നാം നമ്മോട് തന്നെ ചോദിക്കേണ്ടിയതത്രേ.

പ്രിയരേ, നാം നമ്മിൽ തന്നെ നോക്കിയാൽ, നമ്മുടെ കർത്താവിൽ രസിക്കുവാനുള്ളതെല്ലാം കാണാം. അവൻ നമ്മെ എത്ര അത്ഭുത്കരമായി സൃഷ്ടിച്ചു, എത്ര അതിശയകരമായി അവൻ നമ്മെ വീണ്ടെടുത്തു, എത്ര ആഴമായി അവൻ നമ്മെ സ്നേഹിച്ചു, എത്രയേറെ അനുഗ്രഹങ്ങൾ അവൻ നമുക്ക് വാരിച്ചൊരിഞ്ഞു തന്നു. നമ്മോടുള്ള അവന്റെ ദയ ആകാശത്തോളവും, അവന്റെ വിശ്വസ്തത മേഘങ്ങളോളവും ഉയർന്നതത്രേ. അതേപോലെ തന്നെ നാം നമുക്ക് ചുറ്റും നോക്കിയാലും കർത്താവിൽ രസിക്കുവാനുള്ള വകയുണ്ട്. അവന്റെ മഹത്വത്തെ വർണ്ണിക്കുന്ന ആകാശവും, അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്ന ആകാശവിതാനവും, മറ്റുചരാചരങ്ങളും നാം ദിനവും കാണുന്നതത്രേ. ഇപ്രകാരം കർത്താവിൽ രസിക്കുന്നവരോട് ദൈവത്തിന്റെ വചനം പറയുന്നു, (സങ്കീർത്തനം 97:10)

'യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ.' ദോഷത്തിന്റെ ഒരു മറുപേരത്രേ പാപം എന്നത്. പാപം ചെയ്യാതിരിക്കുന്നത് ആദ്യപടിയെങ്കിൽ, പാപത്തെ ഇഷ്ടപ്പെടാതിരിക്കുന്നത് അടുത്ത പടിയും, പാപത്തെ വെറുക്കുന്നത് ഏറ്റവും ശ്രേഷ്ടവുമായ ഒരു കാര്യവുമാണ്.

പ്രിയ ദൈവപൈതലേ, കർത്താവുമായുള്ള കൂട്ടയ്മയിലും, തിരുവചന ധ്യാനത്തിലും, നമുക്ക് കർത്താവിൽ രസിക്കുവാൻ കഴിയണം. കർത്താവിന്റെ ശബ്ദം കേൾക്കുന്നതിലും അവനെ ആരാധിക്കുന്നതിലും നാം രസിക്കുന്നവരായിരിക്കേണം. നാം കർത്താവിൽ രസിക്കുന്നു എന്നതിന്റെ അടയാളമത്രേ നമ്മുടെ ഉള്ളിൽ നിന്നും, കർത്താവിൽ രസിക്കുന്നതിന്റെ തീവ്രത നിമിത്തം ജീവജലത്തിന്റെ നദികൾ പുറത്തേക്കൊഴുകുന്നത്. ഏദനിൽ നിന്നും വിവിധ ശാഖകളായി നദികൾ പുറത്തേക്കൊഴുകിയതു പോലെ നമ്മിൽ നിന്നും കൃപയുടെ നദി, ജീവന്റെ നദി, സ്നേഹത്തിന്റെ നദി, സത്യത്തിന്റെയും രക്ഷയുടെയും നദികൾ പുറത്തേക്കൊഴുകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യെശയ്യാവ് 58:14

നീ യഹോവയിൽ പ്രമോദിക്കും; ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടു നിന്നെ പോഷിപ്പിക്കുകയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 197